

# ഞങ്ങൾക്ക് പറയാനുള്ളത്

PTMY HSS EDAPPALAM

# എഡിറ്റോറിയൽ ബോർഡ്

*സ്റ്റുഡന്റ് എഡിറ്റർ*
*മുഹമ്മദ് യാസീൻ*

*എഡിറ്റോറിയൽ ബോർഡ്*
*അംഗങ്ങൾ*

*റിസ്‌വാന ഷിറിൻ*
*ലദീദ നസ്റിൻ*
*ഫിദ*
*ഷബാന ഷെറിൻ*
*മുസ്‌ലിഹ*
*ഹാഷിം അബ്ദുൽ അസീസ്*
*അസ്മ .സി*
*മുഹമ്മദ് ഫാദി. സി*

*പ്രധാനാധ്യാപകൻ*
*മുഹമ്മദ് ചങ്ങണക്കാട്ടിൽ*



# താളുകൾ മറിക്കുമ്പോൾ

*Sunset*

നക്ഷത്രം

കുട്ടൻ പറഞ്ഞു അറിയില്ല

പ്രളയം

*River :A source of livelihood*

മഴ

ഇരുൾ വീണ വഴി

പൂർണരൂപം

*Darkness of solitude*

ദയ എന്ന വിളക്ക്

യാത്ര

എന്താണ് കംപ്യൂട്ടർ വൈറസ്

ഇന്റർനെറ്റ് ഉപയോഗിക്കാം സുരക്ഷിതമായി



# *Sunset*

*Every down I would get up*
*With new hopes in world to set up*
*No reminder for me...*
*I should bright for all to see*

*I would gloom with power of mighty*
*I would sustain the world with maternity*
*Yellow buds would blossom*
*To shine indigo, seeds and oyster*

*I my children awaits for my rise*
*and my light enlarges the flowers in size*
*Pupils run and play in fields*
*Men go for work in needs*

*None could sustain without me*
*But i should leave them waving bye*
*As i didn't get the power*
*To brighten the whole world in an hour*

*Slowly, i would jump in to the sea*
*And people gather out to see*
*They say my set is marvellous*
*But sustaining without me is horromess*

*They say the waves open their eyes*
*To welcome me in to their hands*
*And the dolphins jump around me*
*To see how i jump in to the sea....*

*Finally i would vanish bit by bit*
*people call it as lovely 'sunset'*
*They starts to welcome dusk from down*
*But none sees where am i gone*

*I travels to another land*
*To wake their grasses, dew's and sand*
*To give them energy of mighty*
*And love with maternity*

*Other land ;the end of sunset is a sorrow*
*The light of sunset is borrowed*
*For the silver moon to glow*
*Where the winds of black night blow*

***jenna***

# ഇരുൾവീണ വഴി

എല്ലാവരും മരിക്കും ,ഞാനും മരിക്കും ,ജനിച്ചാൽ മരണം ഉറപ്പാണ്. മരണത്തെ ആരെങ്കിലും സ പ്നം കാണുമോ ? "ഇല്ല" എന്ന് പറയുന്നതിന് മുമ്പായി 'ചുരുക്കം ചിലർ' എന്നാക്കാം. അങ്ങനെ മരണത്തെ സ പ്നം കണ്ട ഒരു വൃദ്ദൻെറ കഥയാണ് ഇത്. പേരും പെരുമയും ഉള്ള അയ്യംകോവിൽ തറവാട്ടിൽ ജനിച്ചവൻ.സുകുമാരൻെറ ഒരേ ഒര്രു ആൺതരി.ഇതാണ് പ്രഭാകരൻ.രണ്ട് പെങ്ങൻമാർക്കിടയിൽ ഏക ആൺതരി എന്നതിന് എല്ലാവരും വളരെയേറെ പ്രാധാന്യം കൽപ്പിച്ചിരുന്നു.അങ്ങനെ പെങ്ങൻമാരെ രണ്ടാളെയും കല്ലാണം കഴിപ്പിച്ച് കൊടുത്തു.പ്രഭാകരനും കല്ലാണം കഴിച്ചു.




നിർഭാഗമെന്ന് പറയട്ടെ, കല്ലാണം കഴിഞ്ഞ് ഏഴ് വർഷം കഴിഞ്ഞപ്പോൾ ഭാര്യ മരിച്ചു. മൂന്നും രണ്ടും പ്രായമുള്ള രണ്ട് പിൻ ജുകുഞ്ഞുങ്ങളെ അദ്ദേഹത്തിന് ഏൽപ്പിച്ചിട്ടാണ് ആ സ്ത്രീ പോയത്.അന്ന് മുതൽ കൃഷിപ്പണി തുടങ്ങി .സത്ത് വകകൾ ഉണ്ടെങ്കിലും അധാനിച്ച് മക്കളെ വളർത്തണമെന്നത് അദ്ദേഹത്തിന്റെ വാശിയായി രുന്നു. മക്കൾ വളർന്നു. അജിത്തും അരുണും. മക്കൾക്ക് ഫീസ് കെട്ടാൻ വകയില്ലാണ്ടായപ്പോൾ സ്വത്ത് വകകൾ എടുത്തു. അങ്ങനെ അതും കഴിഞ്ഞു. രണ്ട് പേരും വിദേശത്തേക്ക് പോയി. കുറച്ച് കാലം അച്ഛനെ വിദേശത്തേക്ക് കൊണ്ട് പോകാൻ നിർബന്ധം പിടിച്ചു. അമ്മയുറങ്ങുന്ന ഈമണ്ണ് വിട്ടുപോകാൻ "പ്രഭാകരൻ" തയ്യാറല്ലായിരുന്നു.ജോലി കിട്ടിയപ്പോൾ മക്കൾ കല്ല്യാണം കഴിച്ചു.



ആ വൃദ്ധൻ ഒറ്റക്കായി, എന്നും സന്ധ്യയോടടുക്കുമ്പോൾ ഉമ്മറത്തെ ചാരുകസേരയിൽ ഇരുന്ന് വിദൂരതയിലേക്ക് കണ്ണ് പായിക്കും. ജീവിതം നന്നേ മടുത്തു! ചിലപ്പോൾ തന്റെ ഭാര്യയും മക്കളും പുല്ല് കൊണ്ട് മൂടിയ ഊടുവഴിയിലൂടെ വരുന്നുണ്ടെന്ന് തോന്നും; ചുക്കിച്ചുളിഞ്ഞ തന്റെ കൈകൾക്ക് ഇനി തുമ്പ പിടിക്കാനുള്ള ശേഷിയില്ലെന്ന് അയാൾ മനസ്സിലാക്കി. ആദ്യമൊക്കെ മക്കൾ എന്നും വിളിക്കാറുണ്ടായിരുന്നു. പിന്നെ വിളി നിർത്തി. അപ്പുറത്തെ പാർവതിയമ്മ ഇടക്കൊക്കെ കട്ടൻ കൊണ്ട് വന്ന് കൊടുക്കുമായിരുന്നു. അയാൾ എന്നും മരണത്തെ സ്വപ്നം കാണും! "പത്തെഴുപത് വയസ്സായിട്ടും ദൈവമെന്താ എന്നെ വിളിക്കാത്തത് " അദ്ധേഹം ഇടക്കിടക്ക് ആലോചിക്കും. പതുക്കെ എഴുന്നേറ്റ്

ഇടവഴികളിലൂടെ ഒക്കെ ഒന്ന് കണ്ണ് നോക്കും. ആകെ പുല്ലും പൊന്തയും മൂടിക്കിടക്കുന്നു. തന്റെ മനസ്സിലെ ഇരുൾ പോലെ നടന്ന് തളർന്ന ഈ വഴികളിലും ഇരുട്ട് വീണിരിക്കുന്നു എന്ന് ആ "വൃദ്ധൻ" ഞെട്ടലോടെ തിരിച്ചറിഞ്ഞു. ചാരുകസേരയിൽ ഇരിക്കവെ ഒരു തളർച്ച അദ്ദേഹത്തെ വന്ന് പൊതിഞ്ഞു. കണ്ണുകളിൽ ഇരുട്ട് പടരുന്നു. അപ്പോഴാണ് അപ്പുറത്തെ വീട്ടിലെ വേലക്കാരൻ പയ്യൻ വരുന്നത്. അവൻ ശ്രദ്ധിച്ചു. തൊണ്ടയിൽ കരുങ്ങിയ ആ വാക്കുകൾ. “മ...ക്ക...ളെ കാ...ണണം,”
അദ്ദേഹം പതുക്കെ കണ്ണുകളടച്ചു. മക്കൾ വന്നപ്പോഴേക്കും ആ അച്ഛന്റെ ശരീരം തണുത്ത് മരവിച്ചിരുന്നു. അച്ഛൻ നട്ടുനനച്ചുണ്ടാക്കിയിരുന്നു. പറമ്പ് കരിഞ്ഞുണങ്ങിരിക്കുന്നു. പറമ്പിൽ അമ്മയുടെ അടുത്ത് തന്നെ അവർ അച്ഛനെയും കിടത്തി. “പ്രഭാകരന്റെ" സ്വന്തം മണ്ണിൽ...



***ഷിബിന. കെ***

# നക്ഷത്രം



അനന്തമാം വാനിങ്കലൊരുകൂട്ടമായ്
ജ്വലിച്ചിട്ടുമൊരു ചെറു നക്ഷത്രമിന്നു ഞാന

നിശതൻ കുളിരുള്ള പൂനിലാവിലുദി-
ച്ചിട്ടും ചന്ദ്രൻ തൻ പ്രിയ
സഖിമാരിലൊരുവളും ഞാനാകവേ;

അമ്പിളിമാമനോടൊപ്പമീയുലകിൽ
പ്രകാശത്തിൻ പൊൻകിരണങ്ങ-
ളന്ധകാരത്തിനു മേൽ
വ്യാപിക്കുന്നതിനൊരു ചെറു
പങ്കെനിക്കുമുണ്ടെന്നതു
പകൽ പോലെ വാസ്തവം

*ലക്ഷ്മി പ്രിയ*

# കുട്ടൻ പറഞ്ഞു അറിയില്ല





എട്ടിൽ പഠിക്കുന്ന കുട്ടനോട്
എട്ടിന്റെ പകുതി എത്ര
കുട്ടൻ പറഞ്ഞു താഴെക്കു മൂന്ന്
വലത്തോട്ട് പൂജ്യം ടീച്ചർക്ക് ദേഷ്യം
വന്നു കുട്ടന്റെ അച്ഛനെ കൊണ്ടു
വന്നു അച്ഛൻ കുട്ടനെ അടിക്കുന്ന
നേരം എട്ടും  എട്ടും എത്രയാണ്
കുട്ടൻ പറഞ്ഞു അറിയില്ല
കുട്ടൻ പറഞ്ഞു അറിയില്ല......

*ആരതി . കെ . എം*




# പൂർണ്ണരൂപം

PC : PERSONAL COMPUTER
CPU : CENTRAL PROCESSING UNIT
OS : OPERATING SYSTEM
UPS : UNINTERRUPTIBLE POWER SUPPLY
RAM : RANDOM-ACCESS MEMORY
ROM : READ-ONLY MEMORY
LCD : LIQUID CRYSTAL DISPLAY
LED : LIGHT-EMITTING DIODE
SD : SECURE DIGITAL
MMC : MULTIMEDIA CARD
CD : COMPACT DISC
DVD : DIGITAL VERSATILE DISC
IC : INTEGRATED CIRCUIT
JPG : JOINT PHOTOGRAPHIC EXPERTS GROUP
GIF : GRAPHICS INTERCHANGE FORMAT
USB : UNIVERSAL SERIAL BUS
IT : INFORMATION TECHNOLOGY
HTTP : HYPERTEXT TRANSFER PROTOCOL
HTTPS : HYPERTEXT TRANSFER PROTOCOL SECURE
HTML : HYPERTEXT MARKUP LANGUAGE
WWW : WORLD WIDE WEB
SMS : SHORT MESSAGE SERVICE

# പ്രളയം



താൻതാൻ നിരന്തരം
ചെയ്യുന്ന കർമ്മങ്ങൾ താൻതാന-
നുഭവിച്ചീടുകെന്നേ വരൂ-
യെന്ന തത്ത്വമിന്നു മാനവൻ
വിസ്മരിച്ചിടവേ.....,

പേമാരി തൻ സ്വരൂപത്തിൽ
യമന്തന്നവതാരം പൂണ്ട്-
ഭൂമാതാവുരൗദ്ര താണ്ഡവമാടി
സാക്ഷാൽ "ദൈവത്തിന്റെ -
നാട്ടിൽ "!!!...

ഒരിക്കലെണ്ണത്തിരിനാളത്തെ-
യവരൊറ്റക്കെട്ടായി ജ്വലിപ്പിച്ച്
പ്രകൃതിതൻ ക്രോധത്തെ
ശമിപ്പിക്കവേ.....

മരണത്തിൻ വാതിൽക്കലെ-
ത്തിയിട്ടുമീ മനുഷ്യനിതെന്തു
പാഠം ഗ്രഹിച്ചുയെന്ന ;
ഭൂമാതാവുകേഴുന്നതാരും
ശ്രുവിച്ചിടുകയില്ലെന്നതു വാസ്തവം !!!

ഗഡ്ഗിലും കസ്തൂരിരംഗനു
മൊന്നുമേ
വകവെച്ചിടാതെ മലയാളിയേവം
ഗേഹത്തിലേക്ക് നയിച്ചു....

*ലക്ഷ്മി പ്രിയ*

# മഹദ്വചനങ്ങൾ

"കടമ കൃത്യമായും ഭംഗിയായും നിർവ്വഹിക്കാത്തവന് അവകാശങ്ങളുമില്ല."

-ഗാന്ധിജി

"ഭീരുക്കളാണ് ഹിംസയിൽ ഏർപ്പെടുന്നത് ; ധീരരാകട്ടെ സമാധാനം തേടുന്നു."

-ജവഹർലാൽ നെഹ്റു

"നിങ്ങളെത്തന്നെ ഉടച്ച് വൃത്തിയാക്കി പ്രകാശമുള്ളതാക്കുക ; നിങ്ങൾക്ക് ലോകത്തെ കാണാനുള്ള ജനാലകൾ നിങ്ങൾതന്നെയാകുന്നു."

-ജോർജ് ബർണാഡ് ഷാ

"തീ വിറക് തിന്നുന്നതു പോലെ , അസൂയ നിങ്ങളുടെ നന്മകളെ തിന്നുതീർക്കുന്നു."

-മുഹമ്മദ് നബി

"നിങ്ങളിലുള്ള ദൈവം തന്നെയാണ് സകലരിലും.ആ സത്യം ഇനിയും നാം അറിഞ്ഞില്ലെങ്കിൽ ,നാം ഒന്നും അറിഞ്ഞിട്ടില്ല."

-സ്വാമി വിവേകാനന്ദൻ

"അർഥശൂന്യമായ ആയിരം വാക്കുകളെക്കാൾ മികച്ചതാണ് ശാന്തിദായകമായ ഒരു വാക്ക്."

-ശ്രീബുദ്ധൻ

"സ്വന്തം കാലിൽ നിൽക്കാൻ ഒരുവനെ സഹായിക്കുന്നതാണ് ശരിയായ വിദ്യാഭ്യാസം."

-സ്വാമി വിവേകാനന്ദൻ

"സ്വഭാവ രൂപീകരണത്തിനുസഹായിക്കാത്ത അറിവ് തിന്മയിലേക്കു നയിക്കുന്ന ശക്തിയാണ്."

-ഗാന്ധിജി

# പാലപ്പൂ മണമുള്ള നാട്ടുവഴികളിലൂടെ..!



തുലാം ഒന്ന്..!
ഐതീഹ്യ പെരുമയിൽ
രായിരനല്ലൂർ മലകയറ്റം.
പാലക്കാട് ജില്ലയുടെ പടിഞ്ഞാറു
ഭാഗത്തായി വിളയൂർ തിരുവേഗപ്പുറ ദേശത്താണ്
രായിരനല്ലൂർ മല.
പാല പൂമണമുള്ള നാട്ടുവഴികളും
കരിമ്പനകളും ഈ ദേശത്തിന്റെ ഒരു
പ്രത്യേകതയാണ്. പറയിപ്പെറ്റ പന്തിരുകുലത്തിലെ
അംഗങ്ങളായിരുന്ന മേഴത്തോൾ അഗ്നിഹോത്രി,
പാക്കനാർ,
രജകൻ,
കാരയ്ക്കലമ്മ,
അകവൂർ ചാത്തൻ,
വടുതല നായർ,
വള്ളോൻ / തിരുവള്ളുവർ,
ഉപ്പുകൂറ്റൻ,
പാണനാർ,
ഉളിയന്നൂർ, പെരുന്തച്ചൻ,
വായില്ലാക്കുന്നിലപ്പൻ,
നാറാണത്ത് ഭ്രാന്തൻ - എന്നിവർ.
വിക്രമാദിത്യ മഹാരാജാവിന്റെ സഭയിലെ
നവരത്നങ്ങളിലൊരാളായ വരരുചിയുടെ മകനായാണ്
നാറണത്ത് ഭ്രാന്തന്റെ ജനനം. പറയിപെറ്റ
പന്തിരുകുലത്തിലെ ഒരംഗമാണ് ഭ്രാന്തൻ.പാലക്കാട്
ജില്ലയിലെ ചെത്തല്ലൂർ പ്രദേശത്തെ നാറാണത്തു
മംഗലം മനയിലാണ് മാതാപിതാക്കൾ
ഉപേക്ഷിച്ചതിന് ശേഷം ഇദ്ദേഹം വളർന്നത്.ഭ്രാന്തൻ
വേദം പഠിക്കാനാണ് തിരുവേഗപ്പുറയിൽ
എത്തിയതെന്ന് പറയപ്പെടുന്നു.
വളാഞ്ചേരിയിൽ നിന്നും ബസിൽ 20 മിനിറ്റ് യാത്ര
ചെയ്ത് നടുവട്ടം എന്ന സ്ഥലത്ത്
ഇറങ്ങിയാൽ മലയിലേക്ക് വഴിയുണ്ട്.
എടപ്പലം ഹൈസ്കൂളിലേക്കുള്ള
എന്റെ യാത്ര എന്നും ഇതുവഴിയാണ്.
കേരളത്തിന്റെവിവിധ ഭാഗങ്ങളിൽ
നിന്ന്ആയിരക്കണക്കിനാളുകൾ
തുലാം ഒന്നിന് രായിര നല്ലൂർമല
കയറാനെത്തും.
പറയി പെറ്റ പന്തിരുകുലത്തിലെ
അംഗമായ നാറാണത്തു ഭ്രാന്തന് ദുർഗ്ഗാദേവിയുടെ
ദർശനം ലഭിച്ചതിന്റെ സ്മരണ പുതുക്കിക്കൊണ്ടാണ്
എല്ലാ വർഷവും ആയിരക്കണക്കിനു
ഭക്തജനങ്ങൾ രായിരനെല്ലൂർ മലകയറാനെത്തുന്നത്.
പുലർച്ചെ മുതൽ ഉച്ചവരെ നടക്കുന്ന
മല കയറ്റം വളരെ പുണ്യമായാണ് കരുതപ്പെടുന്നത്.
മല മുകളിലെ ദുർഗ്ഗാ ദേവിയുടെ
ക്ഷേത്ര ദർശനവും നാറാണത്തു ഭ്രാന്തന്റെ കൂറ്റൻ
പ്രതിമാവന്ദനവും കഴിഞ്ഞാണ് മലയിയിൽ നിന്നും
തിരിച്ചിറങ്ങുക. ജാതിമതഭേദമില്ലാതെ എല്ലാ വിഭാഗം
ജനങ്ങളും മലകയറാനെത്തും.
രായിരനെല്ലൂരിൽ നിന്ന് ഒന്നര കിലോമീറ്റർ
പടിഞ്ഞാറ് കൈപ്പുറം ഭ്രാന്താചലം ക്ഷേത്രവും തുലാം
ഒന്നിന് സജീവമാവും.
ഭ്രാന്തൻ ഇവിടെ തപസ്സു ചെയ്ത്
ഒരിക്കൽ കൂടി ദുർഗ്ഗാദേവിയെ
പ്രത്യക്ഷപ്പെടുത്തിയെന്നും പണ്ടുള്ളവർ പറയുന്നുണ്ട്.
ഭ്രാന്തൻ കല്ലിനു മുകളിലെ കാഞ്ഞിരമരവും അതിലുള്ള
ഇരുമ്പു
ചങ്ങലയും നാറാണത്തു ഭ്രാന്തന്റെ സാന്നിധ്യത്തിനു
തെളിവായി ഇന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു.
മലകയറ്റത്തിന്റെ മുന്നോടിയായി പ്രത്യേക

പൂജാകർമ്മൾ ഉണ്ടാകും.തുലാമാസം ഒന്നുമുതൽ
രായിരനെല്ലൂർ ഗ്രാമം ഒരാഴ്ചയോളം
ഉത്സവപ്രതീതിയിലാണ്.മലയറ്റത്തിന്റെ ഭാഗമായി

ചെറിയ കച്ചവട സംഘങ്ങൾ പ്രദേശം മുഴവൻ നിരന്നു
കഴിയും പരിസരത്തെ പാഠ ശാലകൾക്കെല്ലാം
പ്രദേശിക അവധിയാണ് തുലാം ഒന്നിന്.നടുവട്ടം
മുതൽ ഒന്നാന്തിപ്പടിവരെ റോഡിനിരുവശവും
കച്ചവടക്കാരുടെ നീണ്ട നിര കാരണം വാഹന
ഗതാഗതം ഇന്നേ ദിവസം
പ്രയാസകരമാണ്.മലമുകളിൽ വിവിധ
വഴിപാടുകൾക്കുള്ള സംവിധാനവും
മലയുടെ സംരക്ഷകരായ
ദ്വാദശാക്ഷരീ ട്രസ്റ്റ് ഒരുക്കിയിട്ടുണ്ട്.
ഒരു നാടിന്റ ഉത്സവമാണ് രായിരനല്ലൂർ മലകയറ്റം.
അതിരാവിലെ തന്നെ കുളിച്ച്
മല കയറാൻ പ്രദേശവാസികളും, മറ്റു ദേശക്കാരും
എത്തും. അന്യ സംസ്ഥാനങ്ങളിൽ നിന്നുവരെ ഭക്ത
ജനങ്ങൾ മലകയറാനെത്തും.
മലയുടെ മുകളിലെല്ലാ ഭാഗങ്ങളിലും കുടിവെള്ളം
ഒരുക്കിയിട്ടുണ്ട്.
ഈയടുത്ത കാലത്തായി മലയിലേക്ക്
പ്രത്യേക പാതയും ഒരുക്കിയിട്ടുണ്ട്.
തുലാം ഒന്ന് ദേശക്കാരുടെ ഐതീഹ്യ പെരുമയുടെ
ഉത്സവമാണ്.
പ്രിയ സുഹൃത്തുക്കൾക്കൊപ്പം
ഇടയ്ക്ക് ഞാനും മലകയറാറുണ്ട്.
എല്ലാറ്റിലുമപരി ഒരുദേശ
വിശേഷം തന്നെ.



***അഷ്‌റഫ്. എ. എൻ. കെ***

***അധ്യാപകൻ(മലയാള വിഭാഗം)***

# *പഴമൊഴികൾ*

***“അറിവ് വലിയൊരു നിധിയാണ്. ഉടമയെ അത് എല്ലായിടത്തും പിന്തുടർന്നെത്തുന്നു.”***

***“മനസ്സിൽ തോന്നുന്നത് എഴുന്നേറ്റുനിന്നു പറയാൻ ആത്മധൈര്യം ആവശ്യമാണ്; ഒരാൾ പറയുന്നത് ശ്രദ്ധയോടെ ഇരുന്നു കേൾക്കാനും .”***

# River :A source of livelihood

**The illuminating sun glowed it’s mighty
All the surviving started to shine brightly
Green grasses and tall trees waved their hands
And tickling bushes smiled on those lands
But behind these beauty there exist a source....
of love, compassion and truth
A blue bloom of splashes
A lovely river surrounded by bushes ....**

**when the orange sun rose
This river would become a source
For viewing, drinking and bathing
But none realised they where polluting!
It flowed with peace and harmony
But men didn’t realise it’s testimony
They destroyed the red poppy that sprang ....
And peace of sweet birds that sang**

**Men disposed their house hold waste....
That turned sweet water in to bitter taste
He ran after money
And made the river lonely
The river flowed with eternity
And cared all with maternity
Slowly it’s beauty became diminished**

**Even tough river gifted many treasure
For men to enjoy with plh pressure
And never spent a second with it in lisure**

**Findally clouds seeing these ,felt an
unbearable pain
And they blasted their sorrows with an
eternal rain
it made the rivers to follow beyond
boundaries
It was experienced in ‘gods own country ’**

**It lasted for many days ....**
**on by one men leaved waving bye...**
**Many anonimous place where shedded**
**with blood**
**They named this punishment as a**
**disastrous 'flood'**

**It was not a disaster ring**
**But was not to brutal behaviour by beings**
**River's punishment for his guilty**
**To love river either rich or wealthy**

**Finally they realised ; the strength of unity**
**Can only overcome this dreadful situation**
**of mighty**
**And understood river is essential in our**
**need**
**And we must love it indeed**



***Jenna***

## ഇന്റർനെറ്റ് ഉപയോഗിക്കാം സുരക്ഷിതമായി

ഇന്റർനെറ്റ് എങ്ങനെ സുരക്ഷിതമായി ഉപയോഗിക്കാമെന്ന് മനസിലാക്കുക

അപരിചിതർക്ക് ഓൺലൈനിൽ വ്യക്തിഗത വിവരങ്ങൾ നൽകരുത്.

ഓൺലൈൻ അക്കൗണ്ടുകൾ സുരക്ഷിതമാക്കി ശക്തമായ പാസ്‌വേഡുകൾ ഉപയോഗിക്കുക.

തെറ്റായ വാർത്തകളെക്കുറിച്ച് ശ്രദ്ധാലുവായിരിക്കുക, അവ പ്രചരിപ്പിക്കരുത്

ക്ലിക്കുചെയ്യുന്നതിന് മുമ്പ് ചിന്തിക്കുക





# മഴ

മഴയേ നിൻ  സ്പർശനത്താൽ
ആനന്ദലബ്ധിയിലാറാടിയിരുന്നെൻ മനം

നിൻ ലോല ശബ്ദമൊന്നു ശ്രവിച്ചിടാൻ
മൃദു കാതുകൾ കൊതിച്ചിടുന്നു

നിന്നെയൊന്നു കൺകുളിർക്കെ
ദർശിച്ചീടാൻ നിറനേത്രങ്ങൾ
തിരഞ്ഞീടുന്നു

എൻ പ്രിയ തുലികയെരുചെരും
ശില പോലെ നിർജ്ജീവമായി -
ക്കിടക്കുന്നതുകണ്ടെൻ ഹൃദയം അതിതീവ്രമായി വിങ്ങീടുന്നു

എന്തിനു വൈകീടുന്നു പവിഴ-
മുത്തുകളെ ശ്യമ മേഘങ്ങളിൽ
നിന്നുതിർന്നീടുവാൻ

*ലക്ഷ്മി പ്രിയ*

# <u>Darkness of solitude</u>

Between the cages of my prison
Drops of dark rain was present
Soft fingers of the eternal rain
Wiped off my tears with unbearable pain
Suddenly someone knocked my room
It was the nurse of that old age home
At a glance . i felt she was a moon
But giving my medicine, she too left me lone



Darkness surrounded my tears
None to see my tears....
I cared my children with maternity
And my love to them was an eternity
Years after, they dropped me here
As me being burden there.....

They ram after money
None realized my testimony
The life of an old mother
Was very worse and harder
My loneliness....
Is my bitterness ....
Slowly my memories would run in to those days
When i laughed and joyed in many ways.....

My childhood age
Was better than my old age
Where there were no restrictions to follow

And none left me as a solo!
Would look up to the sky to see the stars that glowed
And play with waves in the river that flowed

Tickling bushes blooms between my toes
scenting fragrance would pierce on to my nose
I would look high with my eyes
And hope to fly in the upper skies .
I would watch blue sky being free
And would run with it beside the sea
lied and seeks beneath the poppy that sprang
And would closer my ears to chirping birds that sang

Years passed by....
Day went waving bye ....
I became a good mother
And ran my family smoother
But i felt to teach lessons of care and truth
That they must cope up when i leave my youth...


They dropped me in this dark hall
Where i was surrounded by four walls
A tiny window to peep
And a small pillow to sleep

Howling winds blows in black nights
And i would hear the noise of scary ghosts
I would shout aloud
Watching the millions of clouds
Dogs would chase my by their noises
And owls would time with their voices
My happy days was vanished
Bliss of my solitude was darkened!

Magic of solitude
Made me far from gratitude
Which was a golden treasure
To enjoy and love with pleasure
But , sonliness blocked it with pressure
None to spent time with me in leisure ....

Solitude;
She is the darkness of worthy life
She is the silence of united world
***She is the loneliness of eternal love***

# ദയ എന്ന വിളക്ക്




സൂര്യൻ മറഞ്ഞു, നേരം ഇരുട്ടായി. ആകാശത്തിൽ നിറയെ നക്ഷത്രങ്ങൾ നിറഞ്ഞു. ആളൊഴിഞ്ഞ ഒരു പീടികത്തിണ്ണയില്ഒരു കറുത്ത രൂപം കുനിപ്പിടിച്ചിരിക്കുന്നു. കീറിപ്പറിഞ്ഞ കുപ്പായം, ജടകെട്ടിയ മുടി; കറുമെലിഞ്ഞ ശരീരം.

ഇത്രനേരമായിട്ടും ഒരു പച്ചവെള്ളം പോലും കുടിച്ചിട്ടില്ല. അയാൾ മെല്ലെ എഴുന്നേറ്റു നടന്നു. പെട്ടെന്ന് അഴുക്കുചാലിലെ ഒരു റൊട്ടിക്കഷണം ആ വൃദ്ധന്റെ കണ്ണിൽ തടഞ്ഞു. വേഗം അതെടുത്ത് വായിലിട്ടു. എന്തെന്നറിയാതെ ഓക്കാനിക്കുകയും ചെയ്തു. അതോടെ മതിയായി. അയാൾ തിരിച്ചു നടന്നു. അപ്പോൾ നിലത്തൊരു കുപ്പി, അതിൽ കാൽ ഭാഗം വെള്ളമുണ്ട് .കണ്ട പാടെ ,അതെടുത്ത് ആർത്തിയോടെ വായിലേക്കൊഴിച്ചു.അതിൽ മായമില്ലല്ലോ........
ഒരൽപ്പം ആശ്വാസമായി.പക്ഷെ വരണ്ടുണങ്ങിയ തൊണ്ടയിലേക്ക് കുറേ സമയം കഴിഞ്ഞ് വെള്ളംവീണപ്പോൾ ഒരു നീറ്റലും അയാൾക്കനുഭപ്പെട്ടു.

ആ രാത്രി അയാൾ വിഷന്ന് തളർന്ന വയറോടെ ഉറങ്ങി. നേരം പുലർന്നു. ചൂടുള്ള ദിവസം. കടുത്ത ചൂടോടെ സൂര്യപ്രകാശം തട്ടിപട്ടെന്നെഴുന്നേറ്റു. തന്റെ പാത്രമെടുത്ത് റോഡിലേക്ക് ഇറങ്ങി. ചിലർ സഹതാപം തോന്നി വല്ലതും ഇട്ടുകൊടുത്തു. പാത്രത്തിലേക്ക് വീഴുന്ന ചില്ലറത്തുട്ടുകളിലേക്ക് അയാൾ ആകാംക്ഷയോടെ നോക്കും. ഇപ്പോൾ ആ പാത്രത്തിൽ ഇരുപത്തി രണ്ട് രൂപയുണ്ട്. ഉച്ച കഴിഞ്ഞ് ഒരു ആളൊഴിഞ്ഞ തട്ടു കടയിൽ കയറി. രണ്ട് ദോശയും ചട്ണിയും ഒരു ചായയും വാങ്ങിച്ചു.
അപ്പോഴാണ് തന്ടെ പിന്നിൽ നിന്ന് ഒരു നേർത്ത സ്വരം ആ വൃദ്ധൻ കേട്ടത്. ഒരു ചെറിയ ആൺ കുട്ടി. അവന്റെ മുഖം കരഞ്ഞ് വീർത്തിരിക്കുന്നു. അവൻ പതുക്കെ കൈനീട്ടി. വൃദ്ധന് കാര്യം മനസ്സിലായി. ഒരു ദോശയെടുത്ത് ആ കുട്ടിക്ക് കൊടുത്തു. വീണ്ടും കൈനീട്ടി. മറ്റെ ദോശയും അയാൾ കുട്ടിക്ക് കൊടുത്തു. തന്നെപ്പോലെ ഈ കുട്ടിയും കുറേ ദിവസമായി ഭക്ഷണം കഴിച്ചിട്ടില്ലെന്ന് ആ വൃദ്ധനും മനസ്സിലായി. ആ കുട്ടി നിറഞ്ഞ പുഞ്ചിയോടെ അവിടെ ചുറ്റിപറ്റി നിന്നു. പിന്നീടുള്ള എല്ലാദിവസവും അയാൾ അവനെയും ഒപ്പം കൂട്ടി. അയാൾ "പിച്ചതെണ്ടി" വരുന്നത് വരെ ഒരു കടത്തിണ്ണയിൽ കുട്ടിയെ ഇരുത്തും. വൈകുന്നേരം കുട്ടിയെ എടുത്ത് അടുത്തുള്ള ചായക്കടയിൽ പോകും. രണ്ട് പേരും വല്ലതും കഴിക്കും. ചിലപ്പോൾ രണ്ടാൾക്ക് കഴിക്കാനുള്ളതൊന്നും ഉണ്ടാകില്ല. അയാൾക്ക് ഇല്ലെങ്കിലും കുട്ടിക്ക് വാങ്ങിക്കൊടുക്കും. അങ്ങനെ ദിവസങ്ങൾകഴിഞ്ഞപ്പോഴേക്കും അവർ ചെറിയൊരു അച്ഛനും മകനും ആയിത്തീർന്നു. ഇതിനെല്ലാം ഉള്ള നന്ദി ആ കുട്ടി വലുതായിട്ട് ആ വൃദ്ധന് കൊടുത്തു. കുട്ടിക്ക് അടുത്തുള്ള ചായക്കടയിൽ ജോലികിട്ടി. അധ്വാനിച്ച് കിട്ടുന്ന പൈസ അവൻ വൃദ്ധന് അല്ല തന്റെ അച്ഛന് കൊടുക്കും.

'ദയ' ഒരു വിളക്കാണ്. അത് എവിടെ പ്രകാശിച്ചാലും നല്ല വെളിച്ചമായിരിക്കും. ആ വെളിച്ചം പടരും. പടർന്ന് പടർന്ന് പന്തലിക്കും. നൻമയുടെ നിറനിലാ വെളിച്ചവുമായ്.



***ഷിബിന. കെ***


# യാത്ര

എൻ കവിളുകൾ നന്നേ
ചുളുങ്ങാൻ തുടങ്ങി ;
എന്നെ ജാരനരയിന്നു
ബാധിച്ചിരിപ്പൂ...

എനിക്കിന്നു ഈ നാൽച്ചുമരിനുള്ളിൽ
ഒരു ജീവച്ഛവമായി കിടക്കുവാനല്ലോ-
യെൻ വിധി
പൂതലിച്ചുപോയെന്റെ യിത്തടി
ഞാനാ ദിവ്യരഹസ്യം പതിയെ
ഉൾക്കൊണ്ടു ;
ഞാൻ ഒരു പടു വൃദ്ധനായി...

എൻ കണ്ണിലേക്കിപ്പോളിരുട്ടുറച്ചു
കയറാൻ തുടങ്ങവേ ;
ഞാനുരുൾകൊണ്ടെൻ യാത്രയ്ക്കു
സമയമായ്...
ഏകാന്ത വിദൂര യാത്രയ്ക്കു
സമയമായ്....
ഈ യാത്രയിൽ ഞാനേകനായി
ഭൂലോകത്തേക്കാൾ സുന്ദരമയമായ-
മറ്റൊരിടത്തേക്കു സഞ്ചരിപ്പൂ.....

*ലക്ഷ്മി പ്രിയ*



# മുഹബ്ബത്തിൻ അലിഫ്



ബേപ്പൂർ തുറമുഖത്തിലെ ആൾക്കൂട്ടത്തിൻ നടുവിലായി കടൽപാലത്തിന്റെ കൽപടിയിൽ ഞാനിരിക്കയാണ്. വെയിൽ താണു,സൂര്യൻ മഞ്ഞക്കതിരു തൂകി പടിഞ്ഞാറൻ ചക്രവാളത്തിൽ ഏതോ ഒരു കാഴ്ചയും നോക്കിയിരിക്കുന്ന പോലെ..!തുറമുഖത്ത് കിഴക്കുഭാഗത്തായി ക്ലിയോപാട്രാ എന്നു പേരുള്ള വലിയ ഒരു കപ്പൽ നങ്കൂരമിട്ടിരിക്കയാണ്. ആളുകൾ ഉല്ലാസ ഭരിതരായി കപ്പലിലേക്ക് പോയി കൊണ്ടിരിക്കയാണ്.സുന്ദരമായ ഒരു സായാഹ്നകാഴ്ച..!ഒരു ചെറിയ പെൺക്കുട്ടി ഒരാട്ടിൻകുട്ടിയുടെ ചെവിയിൽ പിടിച്ച്പിന്നാലെ കൂടിയിട്ടുണ്ട്. പെട്ടെന്നാണ് ബഷീറിന്റെ പാത്തുമ്മയുടെ ആട് എന്ന കൃതിയിലെ ആട് മനസിലേക്ക് കടന്നു വന്നത്. തിരക്കിനിടയിലൂടെ ബേപ്പൂർ തുറമുഖത്തിന്റെ സൗന്ദര്യം ആസ്വാദിച്ച് ഞാനങ്ങിനെ ഒന്നു നടന്നു. ഒറ്റയ്ക്ക് നടക്കുമ്പോൾ ആരോ കൂട്ടിനുള്ളതുപോലെ മനസ്സ് മന്ത്രിക്കാറുണ്ട്. തുറമുഖത്തിന്റെ സൗന്ദര്യം ആസ്വാദിക്കാനായി എത്തിയവരാണ് എവിടെ നോക്കിയാലും..! തുറമുഖത്തിന്റെ തെക്കുഭാഗത്തായി ഒരു ചെറിയ വാഹനത്തിൽ മൈക്കയിൽ പാടി കൊണ്ടിരിക്കുന്നുണ്ട്  കണ്ണു കാണാത്ത ഒരാൾ. ചിലരൊക്കെ ചില്ലറ തുട്ടുകൾ ആ പിരിവു ബക്കറ്റിൽ ഇടുന്നുമുണ്ട്. കാലം ആയാളുടെ കാഴ്ച മറച്ചുവെച്ചതുകൊണ്ടായിരിക്കാം ഒരുപുഞ്ചിരി പോലും അയാളുടെ മുഖത്ത് ഞാൻ കണ്ടില്ല..! പോക്കറ്റിലെ ചില്ലറ തുട്ടുകളിൽ വല്യത് നോക്കി ഞാനാ പിരിവു ബക്കറ്റിലിട്ടു.കുറെ പേർ നല്ല ചായയും കടുക്കാക്കായ പെരിച്ചതും കഴിച്ച് ചെറിയപെട്ടിക്കടയുടെ മുന്നിലായിട്ടിരിക്കുന്നുണ്ട്. പുളി മാങ്ങയും നെല്ലിക്ക ഉപ്പിലിട്ടതും കാണാൻ നല്ല രസം..! കുഞ്ഞുന്നാളിലെ ഇഷ്ടങ്ങളായിരുന്ന എല്ലാം.വെള്ളമണലിൽ കുഞ്ഞുങ്ങൾ പട്ടം പറത്തുന്നുണ്ട്..! ഒരു കൂട്ടം ആളുകൾ കടൽവെള്ളത്തിലെ പതഞ്ഞു നരഞ്ഞ് ഒച്ചയുണ്ടാക്കി വരുന്ന കടൽ തിരയിൽ ചാടിക്കളിക്കയാണ്.അയാൾ അവളെയും വീൽ ചെയറിൽ വെച്ച് കടൽ പാലത്തിലൂടെ ഉന്തി കൊണ്ട് പോകുകയാണ്..!ഇടയ്ക്കിടെ അവളെന്തൊക്കെയോ അയാളുടെ ചെവിയിൽ മന്ത്രിക്കുന്നുണ്ട്. സൂര്യന്റെ മഞ്ഞക്കതിർ അവളുടെ മുഖത്ത് മഞ്ഞക്കതിർ വിരിച്ചിട്ടുണ്ട്.കാലത്തിന്റെ കൊതുമ്പു വള്ളത്തിൽ അയാൾ അവളെയും കൊണ്ട് സ്വപ്നങ്ങൾ നെയ്യുകയാണ്. ഏറെ നേരം പടിഞ്ഞാറൻ ചക്രവാളത്തെ തന്നെനോക്കിയിരിക്കുന്ന അവർ ഏതോ ലോകത്തെ കഥ പറയുകയാണന്നെനിക്കു തോന്നി. തുറമുഖത്തിന്റെ

അരികത്തുള്ള കൽപടവിൽ ഞാനവരെയും ശ്രദ്ധിച്ച് കുറെനേരമിരുന്നു.കാലം ഒരോ മനുഷ്യനു മീതെയും ഒരോ ജീവിതത്തിന്റെ ചിത്രങ്ങൾ വരച്ചു വെച്ചിരിക്കയാണെന്നെനിക്കുതോന്നി.തിരമാലകളെ നോക്കി ഒറ്റക്കിരിക്കുന്ന എന്നരികത്തായി അയാൾ  വീൽചെയർ പിടിച്ചുനിർത്തി.  ഒത്തിരി നേരം എന്നെ തന്നെ നോക്കിയ അയാൾ എന്നോട് വളരെ ഭവ്യതയോടെ പറഞ്ഞു. സാർ, അവൾക്കൊന്നു കടലമ്മയെ തൊടണമെത്രെ.! വലിയൊരാഗ്രാഹം..! അവരെന്നോട് കഥ പറയാൻ തുടങ്ങി. കുഞ്ഞുന്നാളിലെ കൂട്ടുകാർ..! ഒരുമിച്ച് പള്ളിക്കൂടത്തിൽ കുസൃതി കാട്ടിയവർ..! വിധിയുടെ കല്പ്പുവിൽ വഴി തെറ്റി വന്ന വെള്ളപാച്ചിൽ..! ഒഴുക്കിൽ ഒറ്റപ്പെട്ടു പോയ അസ്നയെകിട്ടിയത് മൂന്നാം നാളിൽ..! വൈദ്യശാസ്ത്രത്തിനു മുന്നിൽ അവളുടെ കുഞ്ഞു ശരീരം പരാജയപ്പെട്ടപ്പോൾ കൂട്ടിനായ് ഒരാൾ മാത്രം..! സ്നേഹം മാത്രം കൊതിച്ച അസ്നക്കു മുൻമ്പിൽമുഹബ്ബത്തിൻ അലിഫായി അയാൾ ഒഴുകുകയാണ്..!കടലമ്മയുടെ മാറിലേക്കിറങ്ങിയ അവരെ അസ്തമയ സൂര്യൻ ചെങ്കതിരിൽ മുക്കി.



അഷ്റഫ്.എ.എൻ.കെ.

വര - ഇബ്രാഹീം കുട്ടി എടപ്പലം

# രജതം

രജതജൂബിലി ആഘോഷിക്കുന്ന PTMYHSS എടപ്പലം കറസ്പോണ്ടൻറ് മാനേജർ ഡോ: മുസ്തഫയുമായി വിദ്യാർത്ഥികൾ നടത്തിയ അഭിമുഖത്തിൽ നിന്നും

- മുസ്‌ലിഹ **:** സാർ എടപ്പലം ഹൈസ്കൂൾ ഏതു വർഷമാണ് ആരംഭിച്ചത് **?** തുടക്കത്തിൽ എത്ര വിദ്യാർത്ഥികളുണ്ടായിരുന്നു **?**

ഡോ: മുസ്തഫ: 1995-ലാണ് എടപ്പലം ഹൈസ്കൂൾ ആരംഭിച്ചത്.തുടക്കത്തിൽ 110 വിദ്യാർത്ഥികളാണ് ഉണ്ടായിരുന്നത്.

- ലദീദ നസ്റിൻ**:** സാർ ഈ സ്ഥാപനത്തിന്റെ അക്കാലത്തെ സ്ഥാപിത മനേജർ ആരായിരുന്നു **?**

ഡോ**:** മുസ്തഫ**:** ബഹുമാന്യനായ വിപികുഞ്ഞിമൊയ്തീൻ എന്ന ബാപ്പുട്ടി ഹാജിയാരാണ് സ്ഥാപിത മേധാവി**.**

- റിസ്‌വാന ഷിറിൻ**:** സാർ നമ്മുടെ സ്കൂൾ ഒരു ഹൈടെക് വിദ്യാലയമായി മാറിയിട്ടുണ്ടോ **?**

ഡോ: മുസ്തഫ: തീർച്ചയായും നമ്മുടെ സ്കൂൾ മുഴുവനായും ഹൈടെക് ആയി മാറിക്കഴിഞ്ഞിട്ടുണ്ട്. എല്ലാ ക്ലാസ് റൂമുകളിലും കമ്പ്യൂട്ടർ, പ്രൊജക്ടർ, സൗണ്ട് സിസ്റ്റം.. തുടങ്ങി എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിക്കഴിഞ്ഞു.

- മുസ്‌ലിഹ: സാർ സിൽവർ ജൂബിലിയുടെ ഭാഗമായി എന്തൊക്കെ പരിപാടികളാണ് സ്കൂളിൽ ആസൂത്രണം ചെയ്തിരിക്കുന്നത്?

ഡോ: മുസ്തഫ: സിൽവർ ജൂബിലിയുടെ ഭാഗമായി ഒരു വർഷം നീണ്ടു നിൽക്കുന്ന പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. രജതം സെമിനാറുകൾ, സയൻസ് മേള, തുടങ്ങി വിവിധ പരിപാടികൾ ഇതിന്റെ ഭാഗമായുണ്ട്.

തെയ്യാറാക്കിയത്: അഷ്റഫ് എ എൻ കെ
(മലയാള വിഭാഗം)





# വരയും മൊഴിയും

